# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 8161 — 17.07.2014 - ൽ മറുപടിയ്ക്ക്

## ആലപ്പുഴ പഞ്ചകർമ്മ ആശുപത്രി ഉദ്ഘാടനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ പഞ്ചകർമ്മ ആശുപത്രിയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ അടങ്കൽത്തുക എത്രയാണെന്നും ആരാണ് കരാറുകാരനെന്നും കരാർ പ്രകാരം എന്ന് കെട്ടിട നിർമ്മാണം പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ ; | (എ) ആലപ്പുഴ പഞ്ചകർമ്മ ആശുപത്രിയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ അടങ്കൽ തുക 4,65,84,288/- രൂപയാണ്. കേന്ദ്ര ഗവൺമെന്റ് എന്റർപ്രൈസസ് ആയ ഹിന്ദുസ്ഥാൻ ഫ്രീ ഫാബിനെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. കരാർ പ്രകാരം 27.01.2015-ന് പണി പൂർത്തിയാകും. |
| (ബി) പണി പൂർത്തിയാക്കി കെട്ടിടത്തിന്റെ ഉദ്ഘാടനം എന്നു നടത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (ബി) ആയുഷിൽ നിന്ന് ഫണ്ട് ലഭ്യമാകുന്നതിനനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) പഞ്ചകർമ്മ ആശുപത്രിയിൽ അനുവദനീയമായ തസ്തികകൾ എത്രയാണെന്നും നിലവിൽ ജോലി ചെയ്യുന്നവർ എത്രയാണെന്നും ഒഴിവുകൾ എത്രയുണ്ടെന്നും അറിയിക്കുമോ.;<br>(ഡി) പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) & (ഡി) പഞ്ചകർമ്മ ആശുപത്രിയിൽ 15 തസ്തികകളാണ് അനുവദനീയമായിട്ടുള്ളത്. ആയതിൽ 10 പേർ സ്ഥിരമായും 5 പേർ താൽക്കാലിക അടിസ്ഥാനത്തിലും (ദിവസ വേതനാടിസ്ഥാനത്തിൽ) ജോലി ചെയ്തു വരുന്നു. ഒരു മെഡിക്കൽ ഓഫീസർ വർക്ക് |

അറേഞ്ച്മെന്റിലും ജോലി ചെയ്തു വരുന്നു. രണ്ട് ആയുർവേദ തെറാപ്പിസ്റ്റ് , ഒരു ഓഫീസ് അറ്റന്റന്റ് തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുക്ക്-1, സാനിട്ടേഷൻ വർക്കർ - 1 എന്നീ ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ